2000-01, 2001-02 വർഷങ്ങളിൽ വി.റ്റി.സി. ഗ്രാന്റായി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച 96 കോടി 16 ലക്ഷം രൂപയിൽ 90 കോടി 18 ലക്ഷം രൂപയും, 2001-02, 2002-03, 2003-04 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് റൂറൽ പൂൾ ഗ്രാന്റായി സർക്കാർ അനുവദിച്ച 71 കോടി 58 ലക്ഷം രൂപയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ പേരിലുണ്ടായിരുന്ന സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടുകൾ സർക്കാർ നിർത്തലാക്കിയതിനാൽ യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഉണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഗ്രാന്റുകൾ യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വാർഡുകൾ പുനർവിഭജനം ചെയ്യാൻ നടപടി

*24 [532] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യ അടിസ്ഥാനത്തിൽ വാർഡുകൾ പുനർവിഭജനം ചെയ്യാനുള്ള നിയമഭേദഗതിയെ തുടർന്ന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) 2005 സെപ്തംബറിൽ തെരഞ്ഞെടുപ്പു നടക്കത്തക്ക നിലയിൽ ഇതിനാവശ്യമായ ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഏതു വർഷത്തെ സെൻസസ് പ്രകാരമാണ് വാർഡുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) നിയമഭേദഗതിയെ തുടർന്ന് കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുള്ള അധികാരം കേരള പഞ്ചായത്ത് രാജ് ആക്ട് 10-ാം വകുപ്പ് 1-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ഡീലിമിറ്റേഷൻ കമ്മീഷനാണ്. പ്രസ്തുത വകുപ്പുപ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ ചെയർമാനായി 18-1-2005-ലെ സ.ഉ.(അച്ചടി) 19/05 തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട ഡീലിമിറ്റേഷൻ കമ്മീഷൻ യോഗങ്ങൾ കൂടുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) 2001-ലെ സെൻസസ് പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly